അതിനുശേഷം സ്വാതന്ത്ര്യലബ്ധിവരെ അവരുടെ ജീവിതം ഇന്ത്യൻ ദേശീയ ജീവിതത്തിന്റെ അവിഭാജ്യഭാഗമായിരുന്നു. സ്വാതന്ത്ര്യം കൈവന്നതിൽ പിന്നീട് ഗഫാർഖാന് ഇന്ത്യയുമായി ഭൗതികബന്ധങ്ങൾ ഇല്ലാതായി. പക്ഷേ, ഈ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യസമരത്തോടും അതിനു നേതൃത്വം നല്കിയ മഹാത്മാവിന്റെ മാനവികാദർശങ്ങളോടുമുള്ള ആത്മീയബന്ധം പിന്നീടുള്ള ഇരുണ്ടവർഷങ്ങളിൽ അദ്ദേഹത്തിന് ആശ്വാസം നൽകിപ്പോന്നിരിക്കാം.

മഹാനായ ഈ സ്വാതന്ത്ര്യസമര നേതാവിനു മുന്നിൽ നമുക്ക് അന്തിമാഭിവാദ്യം അർപ്പിക്കുക.

(21 ജനുവരി, 1988)

# 71. എൻ. പി. ദാമോദരൻ

കേരളത്തിലെ പ്രസിദ്ധനായൊരു സ്വാതന്ത്ര്യപോരാളിയും പ്രശസ്തനായ ഒരു പത്രപ്രവർത്തകനുമായിരുന്നു ഏപ്രിൽ 22-ാം തീയതി എൺപത്തിരണ്ടാം വയസ്സിൽ പൊന്നാനി താലൂക്കിലെ മാത്തൂരിൽവെച്ച് അന്തരിച്ച എൻ. പി. ദാമോദരൻ. ഗുരുവായൂർ ക്ഷേത്രപ്രവേശ സത്യാഗ്രഹത്തിനും അതിനു മുമ്പും പിമ്പുമായി നടന്ന ക്ഷേത്രപ്രവേശ പ്രക്ഷോഭത്തിനും തന്റെ അനർഗളമായ വചോവിലാസത്തിലൂടെ അദ്ദേഹം നൽകിയ സേവനം നിസ്തുലമായിരുന്നു. കേളപ്പന്റെയെന്നപോലെ ഭാരത സേവാസംഘത്തിലെ വി. ആർ. നായനാരുടെയും സഹായിയായി അദ്ദേഹം കുറെക്കാലം പ്രവർത്തിച്ചു. 'മാതൃഭൂമി'യിൽ കോളം എഴുത്തുകാരനായും സബ് എഡിറ്ററായും ദാമോദരൻ ഒട്ടേറെ ലേഖനങ്ങൾ എഴുതി. ഭാഷയുടെ ശുദ്ധി, സരളത, ഊർജസ്വലത, സംക്ഷിപ്തത എന്നീ കാര്യങ്ങളിൽ അദ്ദേഹം കർശനമായ നിഷ്കർഷ പുലർത്തി. ഈ വിഷയങ്ങളിൽ വേണ്ടത്ര ശ്രദ്ധയില്ലാതിരുന്ന സഹപ്രവർത്തകരെ നിരന്തരം നിർദ്ദയം വിമർശിച്ചുവന്ന അദ്ദേഹത്തെ അവർ പാതി തമാശയായും പാതി ഭയപ്പാടോടേയും 'മാസ്റ്റർ' എന്നാണ് വിളിച്ചിരുന്നത്. ഭാഷയുടെ സൗന്ദര്യത്തെ വികലമാക്കുംവിധമാകരുത് പത്രപ്രവർത്തനം എന്ന കാര്യത്തിൽ അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. അംഗവൈകല്യവും ശാരീരിക ദൗർബല്യവും അദ്ദേഹത്തിന്റെ ഉന്മേഷത്തെയോ ആവേശത്തെയോ ഒരിക്കലും ബാധിക്കുകയുണ്ടായില്ല. വളരെ വൈകിയാണ് എൻ. പി. കോളേജിൽ ചേർന്നു പഠിച്ചു ബി. എ. ബിരുദം നേടിയത്. തന്റെ മുൻകാല സതീർത്ഥ്യരുടെ മക്കളോടൊപ്പം ഒരേ ബെഞ്ചിലിരുന്നു പഠിക്കുന്നതിൽ അദ്ദേഹം അഭിമാനംകൊണ്ടു; വൈകിവന്ന ബിരുദത്തെ തന്റെ പേരിനോടുചേർത്ത് എഴുതണമെന്നു നിർബന്ധിക്കുകയും ചെയ്തു. ചില കാര്യങ്ങളിൽ ഒട്ടേറെ കടുംപിടിത്തങ്ങളും അതേസമയം മിക്ക കാര്യങ്ങളിലും അത്യന്തം ഉദാരമായ വീക്ഷണവും അദ്ദേഹം പുലർത്തിവന്നു. ആളുകളുടെ കുറ്റം അവരുടെ മുഖത്തുനോക്കി പറയുന്നതിൽ അദ്ദേഹത്തിന് അശേഷം കൂസലുണ്ടായിരുന്നില്ല. ഈ സ്പഷ്ടവാദിത അദ്ദേഹത്തിനു ജീവിതത്തിൽ വളരെയേറെ അസൗകര്യങ്ങൾക്കു കാരണമായി. സ്വന്തം പരിചിത വലയത്തിനുള്ളിൽ എപ്പോഴും ഊഷ്മളമായ സ്നേഹത്തോടൊപ്പം ചിലപ്പോഴൊക്കെ പുകഞ്ഞുനീറുന്ന അമർഷംകൂടി ഉദ്ദീപിപ്പിക്കുന്ന തരത്തിലായിരുന്നു എൻ. പി. യുടെ വാക്കുകളും പ്രവൃത്തികളും. ചുരുക്കത്തിൽ അസാധാരണമാംവിധം വൈവിധ്യപൂർണമായിരുന്നു എൻ. പി. യുടെ വ്യക്തിത്വം. അദ്ദേഹത്തിന്റെ നിര്യാണംമൂലം സ്വാതന്ത്ര്യസമരത്തിലെ സക്രിയപ്രവർത്തകരിൽ ഒരാൾകൂടി കേരളത്തിനു നഷ്ടപ്പെട്ടിരിക്കുന്നു.